**പതിനാലാം കേരള നിയമസഭ**

# സബ്ജക്ട് കമ്മിറ്റി VI
## (വിദ്യാഭ്യാസം)

# 2015-16 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 236-ാം ചട്ടത്തിന്റെ (5)-ാം ഉപചട്ടപ്രകാരമുള്ളത്

2016 നവംബർ 3-ാം തീയതി സമർപ്പിച്ചത്

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2016

പതിനാലാം കേരള നിയമസഭ

# സബ്ജക്ട് കമ്മിറ്റി VI
# (വിദ്യാഭ്യാസം)

**2015-2016 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്**

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 236-ാം ചട്ടത്തിന്റെ (5)-ാം ഉപചട്ടപ്രകാരമുള്ളത്

1210/2016.

# ഉള്ളടക്കം


| | | |
|---|---|---|
| | | *പേജ്* |
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

# സബ്ജക്ട് കമ്മിറ്റി VI
## (വിദ്യാഭ്യാസം)
## (2016-2018)

### ഘടന

<u>ചെയർമാൻ</u> :

പ്രൊഫ. സി. രവീന്ദ്രനാഥ്,

വിദ്യാഭ്യാസ വകുപ്പുമന്ത്രി.

<u>എക്സ്-ഒഫീഷ്യോ അംഗങ്ങൾ</u> :

ശ്രീ. എ. കെ. ബാലൻ,

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി.

* ശ്രീ. ഇ. പി. ജയരാജൻ,

വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി.

<u>അംഗങ്ങൾ</u> :

ശ്രീ. പി. കെ. അബ്ദു റബ്ബ്

ശ്രീ. കെ. സി. ജോസഫ്

ശ്രീ. പി. ജെ. ജോസഫ്

ശ്രീ. ആർ. രാജേഷ്

ശ്രീ. റ്റി. വി. രാജേഷ്

ശ്രീ. ഷാഫി പറമ്പിൽ

ശ്രീ. എം. സ്വരാജ്

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. വി. കെ. ബാബുപ്രകാശ്, സെക്രട്ടറി

ശ്രീ. കെ. ഗോപകുമാരൻപിള്ള, ജോയിന്റ് സെക്രട്ടറി

ശ്രീമതി ലിമ ഫ്രാൻസിസ്, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി ദീപ ആർ. കൃഷ്ണൻ, അണ്ടർ സെക്രട്ടറി.

---

* 14-10-2016-ന് മന്ത്രിസ്ഥാനം രാജിവച്ചു.

# അവതാരിക

വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI-ന്റെ ചെയർമാനായ ഞാൻ സമിതിയുടെ 2015-16 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236(5) പ്രകാരം സമർപ്പിക്കുന്നു.

സബ്ജക്ട് കമ്മിറ്റി VI-ന്റെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട് 8-6-2015-ന് സഭയിൽ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിൽ ഉൾപ്പെട്ടിരുന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ശിപാർശകളിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച് സർക്കാരിൽ നിന്നും ലഭിച്ച മറുപടികൾ 20-10-2016-ൽ ചേർന്ന സമിതി യോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

രണ്ട് ഭാഗങ്ങളായി തയ്യാറാക്കിയിരിക്കുന്ന ഈ റിപ്പോർട്ടിന്റെ ഒന്നാം ഭാഗത്തിൽ 2015-16-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളും അവയിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളുമാണ് ഉൾക്കൊള്ളിച്ചിരിക്കുന്നത്. രണ്ടാം ഭാഗത്തിൽ സർക്കാരിൽ നിന്നും മറുപടി ലഭിക്കാത്ത ശിപാർശകളുടെ വിവരങ്ങൾ വകുപ്പ് തിരിച്ച് ഉൾപ്പെടുത്തിയിരിക്കുന്നു.

2016 ഒക്ടോബർ 20-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

തിരുവനന്തപുരം,
2016 ഒക്ടോബർ 20.

പ്രൊഫ. സി. രവീന്ദ്രനാഥ്,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി VI.*

# റിപ്പോർട്ട്

## ഭാഗം -1

2015-16 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളും അവയിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളും.

## ധനാഭ്യർത്ഥന നമ്പർ XVII- വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം

## പൊതുവിദ്യാഭ്യാസ വകുപ്പ്

ശിപാർശ (ഖണ്ഡിക 1)

2202-02-109-67-മിഷൻ 100-100 സ്കൂളുകളെ അന്താരാഷ്ട്രനിലവാരത്തിൽ ഉയർത്തൽ (നടക്കാവ് മോഡൽ)

വളരെ മെച്ചപ്പെട്ട രീതിയിൽ പ്രവർത്തിക്കുന്ന സംസ്ഥാനത്തെ സർക്കാർ സ്കൂളുകളിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനായി ലക്ഷ്യമിടുന്ന മിഷൻ 100 പദ്ധതി നടപ്പിലാക്കുന്നതിനായി ബഡ്ജറ്റിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ 5 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

മിഷൻ 100 പദ്ധതി നടപ്പിലാക്കുവാനുള്ള 100 സർക്കാർ സ്കൂളുകളെ തെരഞ്ഞെടുക്കാത്തതിനാലും, 2015-16 സാമ്പത്തിക വർഷത്തിൽ പ്രസ്തുത പദ്ധതിയ്ക്ക് ഭരണാനുമതി പുറപ്പെടുവിക്കുവാൻ സാധിക്കാത്തതിനാലും സമിതിയുടെ ശിപാർശ പ്രകാരം കൂടുതൽ തുക വകയിരുത്തേണ്ട സാഹചര്യം ഉണ്ടായില്ല. എന്നാൽ 2016-17 സാമ്പത്തിക വർഷത്തിലെ വിശദമായ ബജറ്റ് എസ്റ്റിമേറ്റിൽ 2202-02-109-67(പി) എന്ന ശീർഷകത്തിൽ 14 കോടി രൂപ ടി പദ്ധതിയ്ക്ക് വകയിരുത്തിയിട്ടുണ്ട്. കൂടാതെ, 2016-17 സാമ്പത്തിക വർഷത്തിലെ ബഹു.ധനകാര്യ മന്ത്രിയുടെ പുതുക്കിയ ബജറ്റ് പ്രസംഗത്തിൽ പ്രസ്തുത പദ്ധതിയ്ക്കായി 1000 കോടി രൂപ മാന്ദ്യവിരുദ്ധ പാക്കേജിന്റെ ഭാഗമായി അനുവദിച്ചിട്ടുണ്ട്. ഇതിൽ 2016-17 വർഷത്തിൽ 250 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നതായും പ്രഖ്യാപിച്ചിട്ടുണ്ട്.

ശിപാർശ (ഖണ്ഡിക 2)

2202-02-109-66- ജി.വി.രാജാ സ്കൂൾ തിരുവനന്തപുരം, ജി.വി.എച്ച്. എസ്.എസ്. കണ്ണൂർ എന്നീ സ്കൂളുകളിൽ അടിസ്ഥാന സൗകര്യം സ്ഥാപിക്കൽ

തിരുവനന്തപുരം ജി.വി. രാജ സ്പോർട്സ് സ്കൂളിലും കണ്ണൂർ ജി.വി.എച്ച്.എസ്. എസ്സിലും അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനായി ലക്ഷ്യമിടുന്ന ഈ പുതിയ പദ്ധതിയുടെ നടത്തിപ്പിനായി 8 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

വിഭവലഭ്യതയുടെ അപര്യാപ്തത കാരണവും, ചെലവ് നിയന്ത്രണ നടപടികൾക്ക് വിധേയമായി 2015-16 സാമ്പത്തിക വർഷത്തെ ചെലവുകൾ ബജറ്റ് വിഹിതത്തിൽ പരിമിതപ്പെടുത്തിയതിനാലും സമിതിയുടെ ശിപാർശയനുസരിച്ച് ടി ശീർഷകത്തിൽ അധിക തുകയൊന്നും അനുവദിക്കുവാൻ കഴിഞ്ഞില്ല. എന്നാൽ 2016-17 സാമ്പത്തിക വർഷത്തിൽ 2202-02-109-66(പി) എന്ന ശീർഷകത്തിൽ പ്രസ്തുത പദ്ധതിക്കായി 17 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

ശിപാർശ (ഖണ്ഡിക 3)

2204-00-800-90-പബ്ലിക് ഇൻസ്ട്രക്ഷൻ ഡയറക്ടർക്കും കൊളീജിയറ്റ് വിദ്യാഭ്യാസ ഡയറക്ടർക്കും കായിക നടത്തിപ്പിനുള്ള സാമ്പത്തിക സഹായം

വിദ്യാർത്ഥികളുടെ ശാരീരിക മാനസിക വികാസം രൂപപ്പെടുത്തുന്നതിനായി സ്കൂളുകളിൽ കളികളും കായിക വിദ്യാഭ്യാസവും പ്രോൽസാഹിപ്പിക്കേണ്ടത് അനിവാര്യമായതിനാൽ ഈ ശീർഷകത്തിൽ 5 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

സാമ്പത്തിക പരിമിതി കാരണവും, ചെലവ് നിയന്ത്രണ നടപടികൾക്ക് വിധേയമായി 2015-16 സാമ്പത്തിക വർഷത്തെ ചെലവുകൾ ബജറ്റ് വിഹിതത്തിൽ പരിമിതപ്പെടുത്തിയതിനാലും സമിതിയുടെ ശിപാർശയനുസരിച്ച് ടി ശീർഷകത്തിൽ അധിക തുകയൊന്നും അനുവദിക്കുവാൻ കഴിഞ്ഞില്ല. എന്നാൽ 2016-17 സാമ്പത്തിക വർഷത്തിൽ 2204-00-800-90(പി) എന്ന ശീർഷകത്തിൽ പ്രസ്തുത പദ്ധതിയ്ക്കായി 60 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

<u>ശിപാർശ (ഖണ്ഡിക 4)</u>

2202-01-101-99- <u>ഗവൺമെന്റ് ലോവർ പ്രൈമറി സ്കൂളുകൾ</u>

04-1- <u>യാത്രാബത്ത</u>

ഗവൺമെന്റ് ലോവർ പ്രൈമറി സ്കൂളുകളിലെ അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർക്ക് 2013 മുതലുള്ള കുടിശ്ശികയുൾപ്പെടെയുള്ള യാത്രാബത്ത നൽകുന്നതിന് ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

വിഭവലഭ്യതയുടെ അപര്യാപ്തത കാരണവും, ചെലവ് നിയന്ത്രണ നടപടികൾക്ക് വിധേയമായി 2015-16 സാമ്പത്തിക വർഷത്തെ ചെലവുകൾ ബജറ്റ് വിഹിതത്തിൽ പരിമിതപ്പെടുത്തിയതിനാലും സമിതിയുടെ ശിപാർശയനുസരിച്ച് ടി ശീർഷകത്തിൽ അധിക തുകയൊന്നും അനുവദിക്കുവാൻ കഴിഞ്ഞില്ല. എന്നാൽ 2016-17 സാമ്പത്തിക വർഷത്തിൽ 2202-01-101-99-04-1(എൻ.പി) എന്ന ശീർഷകത്തിൽ പ്രസ്തുത ഘടകത്തിനായി 74.30 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

ശിപാർശ (ഖണ്ഡിക 5)

2202-01-101-98- ഗവൺമെന്റ് അപ്പർ പ്രൈമറി സ്കൂളുകൾ

04-1- യാത്രാബത്ത

ഗവൺമെന്റ് അപ്പർ പ്രൈമറി സ്കൂളുകളിലെ അദ്ധ്യാപക- അനദ്ധ്യാപക ജീവനക്കാരുടെ 2013 മുതലുള്ള യാത്രാബത്ത കുടിശ്ശിക നൽകുന്നതിനായി ഈ ശീർഷകത്തിൽ 40 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സാമ്പത്തിക പരിമിതി കാരണവും, ചെലവ് നിയന്ത്രണ നടപടികൾക്ക് വിധേയമായി 2015-16 സാമ്പത്തിക വർഷത്തെ ചെലവുകൾ ബജറ്റ് വിഹിതത്തിൽ പരിമിതപ്പെടുത്തിയതിനാലും സമിതിയുടെ ശിപാർശയനുസരിച്ച് ടി ശീർഷകത്തിൽ അധിക തുകയൊന്നും അനുവദിക്കുവാൻ കഴിഞ്ഞില്ല. എന്നാൽ 2016-17 സാമ്പത്തിക വർഷത്തിൽ 2202-01-101-98 (എൻ.പി) എന്ന ശീർഷകത്തിൽ പ്രസ്തുത ഘടകത്തിനായി 17.30 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

ശിപാർശ (ഖണ്ഡിക 6)

2202-01-102- 99- ഗവൺമെന്റേതര പ്രൈമറി സ്കൂളുകൾക്കുള്ള ധനസഹായം -ടീച്ചിംഗ് ഗ്രാന്റ്

04-1- യാത്രാബത്ത

എയ്ഡഡ് പ്രൈമറി സ്കൂളുകളിലെ അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർക്ക് 2013 മുതലുള്ള യാത്രാബത്ത കുടിശ്ശിക നൽകുന്നതിന് ഈ ശീർഷകത്തിൽ അനുവദിച്ച ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 1 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

വിഭവലഭ്യതയുടെ അപര്യാപ്തത കാരണവും, ചെലവ് നിയന്ത്രണ നടപടികൾക്ക് വിധേയമായി 2015-16 സാമ്പത്തിക വർഷത്തെ ചെലവുകൾ ബജറ്റ് വിഹിതത്തിൽ പരിമിതപ്പെടുത്തിയതിനാലും സമിതിയുടെ ശിപാർശയനുസരിച്ച് ടി ശീർഷകത്തിൽ അധിക

തുകയൊന്നും അനുവദിക്കുവാൻ കഴിഞ്ഞില്ല. 2016-17 സാമ്പത്തിക വർഷത്തിൽ 2202-01-102- 99-04-1(എൻ.പി) എന്ന ശീർഷകത്തിൽ 99 ലക്ഷം രൂപ പ്രസ്തുത ഘടകത്തിനായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

ശിപാർശ (ഖണ്ഡിക 7)

2202-01-102-98- സംരക്ഷണ സഹായം

ഒരു കുട്ടിക്ക് 60 രൂപ നിരക്കിൽ ഒരു ലോവർ പ്രൈമറി സ്കൂളിന് 30,000/- രൂപയിൽ കവിയാത്ത തുക ക്രമത്തിലും ഒരു അപ്പർ പ്രൈമറി സ്കൂളിന് 40,000/- രൂപയിൽ കവിയാത്ത തുക ക്രമത്തിലും ഒരു വർഷത്തേയ്ക്കുള്ള സംരക്ഷണ സഹായം (മെയിന്റനൻസ് ഗ്രാന്റ്) നൽകുന്നതിനായി ബഡ്ജറ്റിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 5 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സാമ്പത്തിക പരിമിതി കാരണവും, ചെലവ് നിയന്ത്രണ നടപടികൾക്ക് വിധേയമായി 2015-16 സാമ്പത്തിക വർഷത്തെ ചെലവുകൾ ബജറ്റ് വിഹിതത്തിൽ പരിമിതപ്പെടുത്തിയതിനാലും സമിതിയുടെ ശിപാർശയനുസരിച്ച് ടി ശീർഷകത്തിൽ അധിക തുകയൊന്നും അനുവദിക്കുവാൻ കഴിഞ്ഞില്ല. 2016-17 സാമ്പത്തിക വർഷത്തിലും 2202-01-102-98(എൻ.പി) എന്ന ശീർഷകത്തിൽ 100 ലക്ഷം രൂപ പ്രസ്തുത ഘടകത്തിനായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

ശിപാർശ (ഖണ്ഡിക 8)

2202-01-104-99 -പരിശോധന
01-4-മെഡിക്കൽ റീഇംബേഴ്സ്മെന്റ്
04-1-യാത്രാബത്ത
05-1-വെള്ളക്കരം
05-2-വൈദ്യുതി ചാർജ്ജ്

സംസ്ഥാനത്തെ എ.ഇ.ഒ ഓഫീസുകളിലെ വൈദ്യുതി ചാർജ്ജ്, വെള്ളക്കരം, ജീവനക്കാരുടെ യാത്രാബത്ത, മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് എന്നീ ഇനങ്ങൾക്കായി

അനുവദിച്ചിരിക്കുന്ന ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ മെഡിക്കൽ റീ -ഇംബേഴ്സ്മെന്റ് ഇനത്തിൽ 5 ലക്ഷം രൂപയും യാത്രാ ബത്ത ഇനത്തിൽ 50 ലക്ഷം രൂപയും വെള്ളക്കരം ഇനത്തിൽ 5 ലക്ഷം രൂപയും വൈദ്യുതി ചാർജ്ജ് ഇനത്തിൽ 1.50 ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

വിഭവലഭ്യതയുടെ അപര്യാപ്തത കാരണവും, ചെലവ് നിയന്ത്രണ നടപടികൾക്ക് വിധേയമായി 2015-16 സാമ്പത്തിക വർഷത്തെ ചെലവുകൾ ബജറ്റ് വിഹിതത്തിൽ പരിമിതപ്പെടുത്തിയതിനാലും സമിതിയുടെ ശിപാർശയനുസരിച്ച് ടി ശീർഷകത്തിൽ അധികതുകയൊന്നും അനുവദിക്കുവാൻ കഴിഞ്ഞില്ല. എന്നാൽ റീ-അപ്രോപ്രിയേഷൻ മുഖേന മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് ഇനത്തിൽ 5 ലക്ഷം രൂപ വകമാറ്റി ചെലവഴിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. കൂടാതെ, 2016-17 സാമ്പത്തിക വർഷത്തിൽ 2202-01-104-99-പരിശോധന(എ.ഇ.ഒ.) എന്ന ശീർഷകത്തിൽ മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് (01-4) ഇനത്തിൽ 17.56 ലക്ഷം രൂപയും, യാത്രാബത്ത (04-1) ഇനത്തിൽ 54.39 ലക്ഷം രൂപയും, വെള്ളക്കരം (05-1) ഇനത്തിൽ 92,000 രൂപയും, വൈദ്യുതി ചാർജ്ജ് (05-2) ഇനത്തിൽ 28.80 ലക്ഷം രൂപയും ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

<u>ശിപാർശ (ഖണ്ഡിക 9)</u>

2202-02-001-99 <u>ഡയറക്ടറേറ്റ് ഓഫ് പബ്ലിക് ഇൻസ്ട്രക്ഷൻ</u>

04-1 <u>യാത്രാ ബത്ത</u>

21-2 <u>മോട്ടോർ വാഹനങ്ങൾ- സംരക്ഷണവും അറ്റകുറ്റപ്പണികളും</u>

വിദ്യാഭ്യാസ ഡയറക്ടറേറ്റിലെ ജീവനക്കാർക്ക് കുടിശ്ശിക ഉൾപ്പെടെയുള്ള യാത്രാബത്ത നൽകുന്നതിനും മോട്ടോർ വാഹനങ്ങളുടെ സംരക്ഷണത്തിനും ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ യാത്രാബത്ത ഇനത്തിൽ 13 ലക്ഷം രൂപയും മോട്ടോർ വാഹനങ്ങൾ അറ്റകുറ്റപ്പണി ഇനത്തിൽ 5 ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സംസ്ഥാനത്തിന്റെ സാമ്പത്തിക പരിമിതി കാരണവും, ചെലവ് നിയന്ത്രണ നടപടികൾക്ക് വിധേയമായി 2015-16 സാമ്പത്തിക വർഷത്തെ ചെലവുകൾ ബജറ്റ് വിഹിതത്തിൽ പരിമിതപ്പെടുത്തിയതിനാലും സമിതിയുടെ ശിപാർശയനുസരിച്ച് ടി ശീർഷകത്തിൽ അധികതുകയൊന്നും അനുവദിക്കുവാൻ കഴിഞ്ഞില്ല. എന്നാൽ 2016-17 സാമ്പത്തിക വർഷത്തിൽ യാത്രാബത്ത (04-1) ഇനത്തിൽ 13 ലക്ഷം രൂപയും, മോട്ടോർ വാഹനങ്ങൾ -സംരക്ഷണവും അറ്റകുറ്റപ്പണികൾ (21-2) ഇനത്തിൽ 1.95 ലക്ഷം രൂപയും പ്രസ്തുത ശീർഷകത്തിൽ വകയിരുത്തിയിട്ടുണ്ട്.

ശിപാർശ (ഖണ്ഡിക 10)

2202-02-001-98- മുഖ്യ ജില്ലാ വിദ്യാഭ്യാസ ഓഫീസുകൾ

(വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറേറ്റുകൾ )

04-1- യാത്രാബത്ത

വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറേറ്റിലെ ജീവനക്കാരുടെ കുടിശ്ശിക ഉൾപ്പെടെയുള്ള യാത്രാബത്ത നൽകുന്നതിന് ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 30 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

വിഭവലഭ്യതയുടെ അപര്യാപ്തത കാരണവും, ചെലവ് നിയന്ത്രണ നടപടികൾക്ക് വിധേയമായി 2015-16 സാമ്പത്തിക വർഷത്തെ ചെലവുകൾ ബജറ്റ് വിഹിതത്തിൽ പരിമിതപ്പെടുത്തിയതിനാലും സമിതിയുടെ ശിപാർശയനുസരിച്ച് ടി ശീർഷകത്തിൽ അധിക തുകയൊന്നും അനുവദിക്കുവാൻ കഴിഞ്ഞില്ല. എന്നാൽ 2016-17 സാമ്പത്തിക വർഷത്തിൽ 2202-02-001-98-04-1-യാത്രാബത്ത എന്ന ശീർഷകത്തിൽ 80.31 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

ശിപാർശ (ഖണ്ഡിക 11)

2202-02-101-99 -പരിശോധന

04-1- യാത്രാബത്ത

ജില്ലാ വിദ്യാഭ്യാസ ഓഫീസുകളിലെ ജീവനക്കാരുടെ കുടിശ്ശിക ഉൾപ്പെടെയുള്ള യാത്രാബത്ത നൽകുന്നതിന് അനുവദിച്ചിരിക്കുന്ന ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 20 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സംസ്ഥാനത്തിന്റെ സാമ്പത്തിക പരിമിതി കാരണവും, ചെലവ് നിയന്ത്രണ നടപടികൾക്ക് വിധേയമായി 2015-16 സാമ്പത്തിക വർഷത്തെ ചെലവുകൾ ബജറ്റ് വിഹിതത്തിൽ പരിമിതപ്പെടുത്തിയതിനാലും സമിതിയുടെ ശിപാർശയനുസരിച്ച് ടി ശീർഷകത്തിൽ അധിക തുകയൊന്നും അനുവദിക്കുവാൻ കഴിഞ്ഞില്ല. എന്നാൽ 2016-17 സാമ്പത്തിക വർഷത്തിൽ പ്രസ്തുത ശീർഷകത്തിൽ 48 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

ശിപാർശ (ഖണ്ഡിക 12)

2202-02-109-99- ഗവൺമെന്റ് സെക്കന്ററി സ്കൂളുകൾ

04-1- യാത്രാബത്ത

സംസ്ഥാനത്തെ ഗവ.സെക്കന്ററി സ്കൂളുകളിലെ ജീവനക്കാർക്ക് 2013 മുതലുള്ള യാത്രാബത്ത കുടിശ്ശിക നൽകുന്നതിന് ഈ ശീർഷകത്തിൽ 40 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

വിഭവലഭ്യതയുടെ അപര്യാപ്തത കാരണവും, ചെലവ് നിയന്ത്രണ നടപടികൾക്ക് വിധേയമായി 2015-16 സാമ്പത്തിക വർഷത്തെ ചെലവുകൾ ബജറ്റ് വിഹിതത്തിൽ പരിമിതപ്പെടുത്തിയതിനാലും സമിതിയുടെ ശിപാർശയനുസരിച്ച് ടി ശീർഷകത്തിൽ യാത്രാബത്ത ഇനത്തിൽ അധിക തുകയൊന്നും അനുവദിക്കുവാൻ കഴിഞ്ഞില്ല. എന്നാൽ 2016-17 സാമ്പത്തിക വർഷത്തിൽ പ്രസ്തുത ശീർഷകത്തിൽ 54.45 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

ശിപാർശ (ഖണ്ഡിക 13)

2202-02-110-99 ടീച്ചിംഗ് ഗ്രാന്റ്

04-1-യാത്രാബത്ത

എയ്ഡഡ് ഹൈസ്കൂളുകളിലെ അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാരുടെ 2013 മുതലുള്ള യാത്രാബത്ത കടിശ്ശിക നൽകുന്നതിന് ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സംസ്ഥാനത്തിന്റെ സാമ്പത്തിക പരിമിതി കാരണവും, ചെലവ് നിയന്ത്രണ നടപടികൾക്ക് വിധേയമായി 2015-16 സാമ്പത്തിക വർഷത്തെ ചെലവുകൾ ബജറ്റ് വിഹിതത്തിൽ പരിമിതപ്പെടുത്തിയതിനാലും സമിതിയുടെ ശിപാർശയനുസരിച്ച് ടി ശീർഷകത്തിൽ യാത്രാബത്ത ഇനത്തിൽ അധികതുകയൊന്നും അനുവദിക്കുവാൻ കഴിഞ്ഞില്ല. എന്നാൽ 2016-17 സാമ്പത്തിക വർഷത്തിൽ പ്രസ്തുത ഇനത്തിൽ 2.42 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

ശിപാർശ (ഖണ്ഡിക 14)

2202-02-110-98-സംരക്ഷണം

27.09.2013-ലെ സർക്കാർ ഉത്തരവ് പ്രകാരം മെയിന്റനൻസ് ഗ്രാന്റ് വർദ്ധിപ്പിച്ചതിനാൽ ഒരു കുട്ടിക്ക് 80 രൂപ നിരക്കിൽ ഒരു ഹൈസ്കൂളിന് 60,000 രൂപയിൽ കവിയാത്ത തുക ക്രമത്തിൽ ഒരു വർഷത്തേയ്ക്കുള്ള സംരക്ഷണ സഹായം നൽകുന്നതിന് ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ 4 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

വിഭവലഭ്യതയുടെ അപര്യാപ്തത കാരണവും, ചെലവ് നിയന്ത്രണ നടപടികൾക്ക് വിധേയമായി 2015-16 സാമ്പത്തിക വർഷത്തെ ചെലവുകൾ ബജറ്റ് വിഹിതത്തിൽ പരിമിതപ്പെടുത്തിയതിനാലും സമിതിയുടെ ശിപാർശയനുസരിച്ച് ടി ശീർഷകത്തിൽ അധികതുകയൊന്നും അനുവദിക്കുവാൻ കഴിഞ്ഞില്ല. 2016-17 സാമ്പത്തിക വർഷത്തിലും പ്രസ്തുത ഇനത്തിന് 100 ലക്ഷം രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

<u>ശിപാർശ (ഖണ്ഡിക 15)</u>

2204-00-101-94 -<u>സ്പോർട്സ് സ്കൂൾ വിദ്യാർത്ഥികൾക്കുള്ള ധനസഹായം</u>

2015-16 വർഷത്തിൽ സ്പോർട്സ് സ്കൂൾ വിദ്യാർത്ഥികൾക്ക് പുതുക്കിയ നിരക്കിലുള്ള ധനസഹായം വിതരണം ചെയ്യുന്നതിന് ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 3.60 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

2015-16 സാമ്പത്തിക വർഷത്തിൽ അധിക ധനാഭ്യർത്ഥന മുഖേന 1.79 ലക്ഷം രൂപ പ്രസ്തുത ശീർഷകത്തിൽ അനുവദിച്ചിട്ടുണ്ട്. കൂടാതെ, 2016-17 സാമ്പത്തിക വർഷത്തിൽ പ്രസ്തുത ഇനത്തിൽ 3.60 ലക്ഷം രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

<u>ശിപാർശ (ഖണ്ഡിക 16)</u>

2202-02-001-94-<u>ഡയറക്ടറേറ്റ് ഓഫ് ഹയർ സെക്കന്ററി എഡ്യൂക്കേഷൻ (പ്ലസ് ടു)</u>

05-3- <u>ടെലഫോൺ ചെലവ്</u>

06-<u>വാടക, കരം, നികുതി</u>

15 -<u>രഹസ്യ സേവന ചെലവുകൾ</u>

34-<u>മറ്റു ചെലവുകൾ</u>

ഹയർ സെക്കണ്ടറി ഡയറക്ടറേറ്റിലെ ടെലഫോൺ ചാർജ്ജ്, വാടക, കരം, നികുതി, രഹസ്യ സേവന ചെലവുകൾ, മറ്റു ചെലവുകൾ എന്നീ ഇനങ്ങൾക്കായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ടെലഫോൺ ചാർജ്ജ് ഇനത്തിൽ

1 ലക്ഷം രൂപയും ഹൗസിംഗ് ബോർഡിന് വാടക കടിശ്ശിക നൽകുവാനുള്ളതിനാൽ വാടക, കരം, നികുതി ഇനത്തിൽ 6 ലക്ഷം രൂപയും അച്ചടിയുമായി ബന്ധപ്പെട്ട ചെലവുകൾ വർദ്ധിച്ചുവരുന്നതിനാൽ രഹസ്യ സേവന ചെലവുകൾ ഇനത്തിൽ 75 ലക്ഷം രൂപയും പരീക്ഷാ ചെലവുകളും സ്റ്റേഷനറി ചെലവുകളും വർദ്ധിച്ച് വരുന്നതിനാൽ മറ്റു ചെലവുകൾ ഇനത്തിൽ 10 കോടി രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

2015-16 സാമ്പത്തിക വർഷത്തിൽ രഹസ്യ സേവന ചെലവുകൾക്കായി 151 ലക്ഷം രൂപയും, പരീക്ഷാ നടത്തിപ്പുമായി ബന്ധപ്പെട്ട ചെലവുകൾക്ക് 850 ലക്ഷം രൂപയും അധിക ധനാഭ്യർത്ഥന മുഖേന പ്രസ്തുത ശീർഷകത്തിൽ അനുവദിച്ചിട്ടുണ്ട്. വിഭവലഭ്യതയുടെ അപര്യാപ്തത കാരണം, സമിതിയുടെ ശിപാർശയനുസരിച്ച് മറ്റു ഘടകങ്ങൾക്ക് അധിക തുക അനുവദിക്കുവാൻ കഴിഞ്ഞില്ല. എന്നാൽ 2016-17 സാമ്പത്തിക വർഷത്തിലെ ബജറ്റിൽ ടെലിഫോൺ ചാർജ്ജിനത്തിൽ 4.20 ലക്ഷം രൂപയും, വാടക, കരം, നികുതി ഇനത്തിൽ 26 ലക്ഷം രൂപയും രഹസ്യ സേവന ചെലവുകൾക്കായി 400 ലക്ഷം രൂപയും, മറ്റു ചെലവുകൾക്കായി 4000 ലക്ഷം രൂപയും പ്രസ്തുത ശീർഷകത്തിൽ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

<u>ശിപാർശ (ഖണ്ഡിക 17)</u>

2202-02-001-92 - <u>ഹയർ സെക്കണ്ടറി എഡ്യൂക്കേഷൻ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടറേറ്റ്</u>

02- <u>വേതനം</u>

05-3-<u>ഓഫീസ് ചെലവുകൾ-ടെലിഫോൺ ചെലവ്</u>

05-4-<u>ഓഫീസ് ചെലവുകൾ - മറ്റിനങ്ങൾ</u>

2013-14 സാമ്പത്തിക വർഷം ഹയർ സെക്കന്ററിക്ക് 3 മേഖലാ ഓഫീസുകൾ കൂടി പുതുതായി അനുവദിച്ചിട്ടുള്ളതിനാൽ വേതനം, ടെലഫോൺ ചാർജ്ജ്, ഓഫീസ് ചെലവുകൾ എന്നീ ഇനങ്ങൾക്കായി അനുവദിച്ചിരിക്കുന്ന ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ല. ആയതിനാൽ

വേതനം ഇനത്തിൽ 6.85 ലക്ഷം രൂപയും ടെലിഫോൺ ചാർജ്ജ് ഇനത്തിൽ 1.32 ലക്ഷം രൂപയും ഓഫീസ് ചെലവുകൾ ഇനത്തിൽ 2.02 ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

2015-16 സാമ്പത്തിക വർഷത്തിൽ ഹയർ സെക്കണ്ടറി മേഖലാ ഓഫീസുകളിലെ വേതനത്തിനായി 6 ലക്ഷം രൂപയും, ടെലിഫോൺ ചാർജ്ജിനത്തിൽ 1 ലക്ഷം രൂപയും ഓഫീസ് ചെലവുകൾക്കായി 30,000 രൂപയും റീ-അപ്രോപ്രിയേഷൻ മുഖേന വകമാറ്റി ചെലവഴിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. കൂടാതെ, 2016-17 സാമ്പത്തിക വർഷത്തിലെ ബജറ്റിൽ ഹയർ സെക്കണ്ടറി മേഖലാ ഓഫീസുകളിലെ വേതനത്തിനായി 7.50 ലക്ഷം രൂപയും, ടെലിഫോൺ ചാർജ്ജിനത്തിൽ 78,000 രൂപയും, മറ്റിനങ്ങൾക്കായി 1.65 ലക്ഷം രൂപയും പ്രസ്തുത ശീർഷകത്തിൽ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

<u>ശിപാർശ (ഖണ്ഡിക 18)</u>

2202-80-004-91-<u>സ്റ്റേറ്റ് കൗൺസിൽ ഓഫ് എഡ്യൂക്കേഷൻ റിസർച്ച് ആന്റ് ട്രെയിനിംഗ്</u>
36-<u>സഹായധനം -ശമ്പളേതരം</u>

2008-09 മുതൽ നോൺപ്ലാൻ ശീർഷകത്തിൽ എസ്.സി.ഇ.ആർ.ടി.ക്ക് തുക അനുവദിക്കാത്തതിനാലും നടപ്പ് സാമ്പത്തിക വർഷത്തെ പ്രവർത്തനങ്ങൾക്കായി 14 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നതിനാലും എസ്.സി.ഇ.ആർ.ടി യുടെ പ്രവർത്തനങ്ങൾക്കായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന വിഹിതം അപര്യാപ്തമാണ്. ആയതിനാൽ പദ്ധതി ഇനത്തിൽ 4 കോടി രൂപയും പദ്ധതിയേതര ഇനത്തിൽ 4 കോടി രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

വിഭവലഭ്യതയുടെ അപര്യാപ്തത കാരണവും, വ്യയ നിയന്ത്രണ നടപടികൾക്ക് വിധേയമായി 2015-16 സാമ്പത്തിക വർഷത്തെ ചെലവുകൾ ബജറ്റ് വിഹിതത്തിൽ പരിമിതപ്പെടുത്തിയതിനാലും സമിതിയുടെ ശിപാർശയനുസരിച്ച് പ്രസ്തുത ശീർഷകത്തിൽ

അധികതുകയൊന്നും അനുവദിക്കുവാൻ കഴിഞ്ഞില്ല. എന്നാൽ 2016-17 സാമ്പത്തിക വർഷത്തിൽ 2202-80-004-91(പി) എന്ന ശീർഷകത്തിൽ 15 കോടി രൂപ പദ്ധതിയിനത്തിൽ എസ്.സി.ഇ.ആർ.ടി.ക്ക് ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

<u>ശിപാർശ (ഖണ്ഡിക 19)</u>

2202-80-004-89-<u>സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷണൽ മാനേജ്മെന്റ് ആന്റ് ട്രെയിനിംഗ് (എസ്.ഐ.ഇ.എം.എ.റ്റി) - കേരള</u>

സീമാറ്റ് - കേരളയെ അന്തർദ്ദേശീയ നിലവാരത്തിലുള്ള മികവിന്റെ കേന്ദ്രമായി ഉയർത്തുന്നതിനും, ട്രെയിനിംഗ് പ്രോഗ്രാമുകൾ, ഓഫീസിന്റെ ആധുനികവൽക്കരണം, ലൈബ്രറി കൺസോർഷ്യം എന്നീ പ്രവർത്തനങ്ങൾ തുടർന്നു നടത്തുന്നതിനും അനുവദിച്ചിരിക്കുന്ന ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ പദ്ധതി വിഹിതമായി 2.55 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

സംസ്ഥാനത്തിന്റെ സാമ്പത്തിക പരിമിതി കാരണവും, വ്യയ നിയന്ത്രണ നടപടികൾക്ക് വിധേയമായി 2015-16 സാമ്പത്തിക വർഷത്തെ ചെലവുകൾ ബജറ്റ് വിഹിതത്തിൽ പരിമിതപ്പെടുത്തിയതിനാലും സമിതിയുടെ ശിപാർശയനുസരിച്ച് ടി ശീർഷകത്തിൽ അധിക തുകയൊന്നും അനുവദിക്കുവാൻ കഴിഞ്ഞില്ല. 2016-17 സാമ്പത്തിക വർഷത്തിൽ പ്രസ്തുത ശീർഷകത്തിൽ 330 ലക്ഷം രൂപ പദ്ധതിയിനത്തിൽ സീമാറ്റ് - കേരളയ്ക്ക് ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

<u>ശിപാർശ (ഖണ്ഡിക 20)</u>

2202-04-103-98-<u>കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി (എൽ.ഇ.എ.പി.) കേരള മിഷൻ</u>

പ്രത്യേക തൊഴിൽ നൈപുണ്യ വികസന പദ്ധതികൾ നടപ്പിലാക്കുന്നതിനും തിരുവനന്തപുരം, കൊല്ലം എന്നീ ജില്ലകളിൽ തീരദേശ നിവാസികളുടെ തൊഴിൽ പരിശീലനങ്ങൾക്കായി ലക്ഷ്യമിടുന്ന 'അക്ഷര സാഗരം' എന്ന പുതിയ പദ്ധതിയുടെ

നിർവ്വഹണത്തിനുമായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക പര്യാപ്തമല്ലാത്തതിനാൽ ഈ ശീർഷകത്തിൽ പദ്ധതി വിഹിതമായി 90 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

വിഭവലഭ്യതയുടെ അപര്യാപ്തത കാരണവും, ചെലവ് നിയന്ത്രണ നടപടികൾക്ക് വിധേയമായി 2015-16 സാമ്പത്തിക വർഷത്തെ ചെലവുകൾ ബജറ്റ് വിഹിതത്തിൽ പരിമിതപ്പെടുത്തിയതിനാലും സമിതിയുടെ ശിപാർശയനുസരിച്ച് ടി ശീർഷകത്തിൽ അധിക തുകയൊന്നും അനുവദിക്കുവാൻ കഴിഞ്ഞില്ല. എന്നാൽ 2016-17 സാമ്പത്തിക വർഷത്തിലും പ്രസ്തുത ശീർഷകത്തിൽ 15 കോടി രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

(സർക്കാർ കത്ത് നം.37158/പി2/15/പൊ.വി. തീയതി 16-8-2016)

## <u>സാംസ്കാരികകാര്യ വകുപ്പ്</u>

<u>ശിപാർശ (ഖണ്ഡിക 85)</u>

2205-00-103-99 -<u>പുരാവസ്തു ഗവേഷണ വകുപ്പ്</u>

02 -<u>വേതനം</u>

പുരാവസ്തു വകുപ്പിൽ സംരക്ഷിത സ്മാരകങ്ങളുടെ സുരക്ഷയ്ക്കായി കൂടുതൽ ദിവസവേതനക്കാരെ നിയോഗിച്ചതു കൊണ്ടും ശമ്പളപരിഷ്കരണംമൂലം വേതനം വർദ്ധിച്ചതുകൊണ്ടും ബഡ്ജറ്റിൽ അനുവദിച്ച തുക പര്യാപ്തമല്ല ആയതിനാൽ ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

സാംസ്കാരികകാര്യ വകുപ്പുമായി ബന്ധപ്പെട്ട ശീർഷകങ്ങളിൽ അധിക ധനസഹായം വകയിരുത്തണമെന്ന ആവശ്യം സംസ്ഥാനത്തിന്റെ ധനസ്ഥിതി മെച്ചപ്പെടാത്തതിനാൽ അംഗീകരിക്കാൻ കഴിയില്ലായെന്ന് ധനവകുപ്പ് അറിയിച്ച സാഹചര്യത്തിൽ സമിതിയുടെ ശിപാർശ നടപ്പാക്കാൻ നിർവ്വാഹമില്ല.

(സർക്കാർ കത്ത് നം.4497/എ 3/2015/സാം.കാ.വ. തീയതി 13-1-2016)

അധിക വിവരം

8-3-2016-ലെ സ.ഉ.(സാധാ)നം.2158/2016/ധന. ഉത്തരവ് പ്രകാരം 16,30,000 രൂപ പുരാവസ്തു വകുപ്പിന്റെ വിവിധ ശീർഷകങ്ങളിൽ അഡീഷണൽ ഓതറൈസേഷൻ നൽകിയിട്ടുണ്ട്.

(സർക്കാർ കത്ത് നം.4497/എ 3/2015/സാം.കാ.വ. തീയതി 20.10.2016)

ശിപാർശ (ഖണ്ഡിക 86)

34-3 -മറ്റു ചെലവുകൾ -മറ്റിനം

പുരാവസ്തു വകുപ്പിലെ വിവിധ മ്യൂസിയങ്ങളിലേയും ഡയറക്ടറേറ്റിലേയും ചെലവുകൾ വളരെയധികം വർദ്ധിച്ചതിനാൽ ബഡ്ജറ്റിൽ അനുവദിച്ച തുക പര്യാപ്തമല്ല ആയതിനാൽ ഈ ശീർഷകത്തിൽ 5 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സാംസ്കാരികകാര്യ വകുപ്പുമായി ബന്ധപ്പെട്ട ശീർഷകങ്ങളിൽ അധിക ധനസഹായം വകയിരുത്തണമെന്ന ആവശ്യം സംസ്ഥാനത്തിന്റെ ധനസ്ഥിതി മെച്ചപ്പെടാത്തതിനാൽ അംഗീകരിക്കാൻ കഴിയില്ലായെന്ന് ധനവകുപ്പ് അറിയിച്ച സാഹചര്യത്തിൽ സമിതിയുടെ ശിപാർശ നടപ്പാക്കാൻ നിർവ്വാഹമില്ല.

(സർക്കാർ കത്ത് നം.4497/എ 3/2015/സാം.കാ.വ. തീയതി 13.01.2016)

അധിക വിവരം

9--.2016-ലെ സ.ഉ.(സാധാ)നം.2166/2016/ധന. ഉത്തരവ് പ്രകാരം 4,88,000/- രൂപ പുരാവസ്തു വകുപ്പിന്റെ വിവിധ ശീർഷകങ്ങളിൽ അഡീഷണൽ ഓതറൈസേഷൻ നൽകിയിട്ടുണ്ട്.

(സർക്കാർ കത്ത് നം.4497/എ 3/2015/സാം.കാ.വ. തീയതി 20.10.2016)

ശിപാർശ (ഖണ്ഡിക 87)

45 -പി.ഒ.എൽ.

ഡീസൽ വിലയിലുണ്ടാകുന്ന വർദ്ധനവും നിലവിലുള്ള വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾ തീർത്ത് യാത്രകൾക്കായി ഉപയോഗിക്കുന്നതിനാലും ഈ ശീർഷകത്തിൽ 5 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സാംസ്കാരികകാര്യ വകുപ്പുമായി ബന്ധപ്പെട്ട ശീർഷകങ്ങളിൽ അധിക ധനസഹായം വകയിരുത്തണമെന്ന ആവശ്യം സംസ്ഥാനത്തിന്റെ ധനസ്ഥിതി മെച്ചപ്പെടാത്തതിനാൽ അംഗീകരിക്കാൻ കഴിയില്ലായെന്ന് ധനവകുപ്പ് അറിയിച്ച സാഹചര്യത്തിൽ സമിതിയുടെ ശിപാർശ നടപ്പാക്കാൻ നിർവ്വാഹമില്ല

(സർക്കാർ കത്ത് നം.4497/എ 3/2015/സാം.കാ.വ. തീയതി 13.01.2016)

ശിപാർശ (ഖണ്ഡിക 88)

2205-00-800-73 - സാംസ്കാരിക സ്ഥാപനങ്ങളിലെ ജീവനക്കാർക്കുള്ള പെൻഷൻ - ധനസഹായം

സാംസ്കാരിക ഡയറക്ടറേറ്റിൽ നിലവിലുള്ള ജീവനക്കാർക്ക് പെൻഷൻ വിതരണം ചെയ്യുന്നതിനും പുതുതായി വിരമിക്കുന്നവർക്ക് പെൻഷനും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിനും ബഡ്ജറ്റിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 2 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സാംസ്കാരികകാര്യ വകുപ്പുമായി ബന്ധപ്പെട്ട ശീർഷകങ്ങളിൽ അധിക ധനസഹായം വകയിരുത്തണമെന്ന ആവശ്യം സംസ്ഥാനത്തിന്റെ ധനസ്ഥിതി മെച്ചപ്പെടാത്തതിനാൽ അംഗീകരിക്കാൻ കഴിയില്ലായെന്ന് ധനവകുപ്പ് അറിയിച്ച സാഹചര്യത്തിൽ സമിതിയുടെ ശിപാർശ നടപ്പാക്കാൻ നിർവ്വാഹമില്ല

(സർക്കാർ കത്ത് നം.4497/എ 3/2015/സാം.കാ.വ. തീയതി 13.01.2016)

അധിക വിവരം

08.02.2016-ലെ സ.ഉ.(സാധാ)നം.1311/2016/ധന. ഉത്തരവ് പ്രകാരം 75 ലക്ഷം രൂപ അഡീഷണൽ ഓതറൈസേഷൻ നൽകിയിട്ടുണ്ട്.

(സർക്കാർ കത്ത് നം.4497/എ 3/2015/സാം.കാ.വ. തീയതി 20.10.2016)

ശിപാർശ (ഖണ്ഡിക 89)

2205-00-102-87- നിർദ്ധനരായ കലാകാരന്മാർ/സാഹിത്യകാരന്മാർ എന്നിവർക്കുള്ള സഹായം.

കലാകാര പെൻഷനുവേണ്ടി പുതുതായി ലഭിച്ച 500-ഓളം അപേക്ഷകർക്ക് പെൻഷൻ നൽകുന്നതിന് ബഡ്ജറ്റിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 26.15 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സാംസ്കാരികകാര്യ വകുപ്പുമായി ബന്ധപ്പെട്ട ശീർഷകങ്ങളിൽ അധിക ധനസഹായം വകയിരുത്തണമെന്ന ആവശ്യം സംസ്ഥാനത്തിന്റെ ധനസ്ഥിതി മെച്ചപ്പെടാത്തതിനാൽ അംഗീകരിക്കാൻ കഴിയില്ലായെന്ന് ധനവകുപ്പ് അറിയിച്ച സാഹചര്യത്തിൽ സമിതിയുടെ ശിപാർശ നടപ്പാക്കാൻ നിർവ്വാഹമില്ല.

(സർക്കാർ കത്ത് നം.4497/എ 3/2015/സാം.കാ.വ. തീയതി 13.01.2016)

ശിപാർശ (ഖണ്ഡിക 90)

2205-00-102-67-അശരണർക്കും രോഗബാധിതരുമായ കലാസാംസ്കാരിക പ്രവർത്തകർക്കുള്ള അടിയന്തര ചികിത്സക്കുള്ള സാമ്പത്തിക സഹായം

അശരണർക്കും രോഗബാധിതരുമായ കലാ സാംസ്കാരിക പ്രവർത്തകർക്കുള്ള അടിയന്തര ചികിത്സയ്ക്കുള്ള സാമ്പത്തിക സഹായത്തിനായി കൂടുതൽ അപേക്ഷകൾ പരിഗണിക്കേണ്ടതിനാൽ ബഡ്ജറ്റിൽ അനുവദിച്ച തുക പര്യാപ്തമല്ല ആയതിനാൽ ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സാംസ്കാരികകാര്യ വകുപ്പുമായി ബന്ധപ്പെട്ട ശീർഷകങ്ങളിൽ അധിക ധനസഹായം വകയിരുത്തണമെന്ന ആവശ്യം സംസ്ഥാനത്തിന്റെ ധനസ്ഥിതി മെച്ചപ്പെടാത്തതിനാൽ അംഗീകരിക്കാൻ കഴിയില്ലായെന്ന് ധനവകുപ്പ് അറിയിച്ച സാഹചര്യത്തിൽ സമിതിയുടെ ശിപാർശ നടപ്പാക്കാൻ നിർവ്വാഹമില്ല.

(സർക്കാർ കത്ത് നം.4497/എ 3/2015/സാം.കാ.വ. തീയതി 13.01.2016)

ശിപാർശ (ഖണ്ഡിക 91)

2205-00-102-41 - സാംസ്കാരിക പ്രവർത്തനങ്ങൾക്കും സംഘടനകൾക്കും സ്ഥാപനങ്ങൾക്കുമുള്ള ധനസഹായം.

സാംസ്കാരിക പ്രവർത്തനങ്ങൾക്കും സംഘടനകൾക്കും സ്ഥാപനങ്ങൾക്കുമുള്ള ധനസഹായത്തിനായി നിലവിലുള്ള അപേക്ഷകർക്കും നടപ്പ് സാമ്പത്തിക വർഷത്തിലെ അപേക്ഷകർക്കും യഥാസമയം ധനസഹായം ലഭ്യമാക്കുന്നതിന് അനുവദിച്ചിരിക്കുന്ന ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 20 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സാംസ്കാരികകാര്യ വകുപ്പുമായി ബന്ധപ്പെട്ട ശീർഷകങ്ങളിൽ അധിക ധനസഹായം വകയിരുത്തണമെന്ന ആവശ്യം സംസ്ഥാനത്തിന്റെ ധനസ്ഥിതി മെച്ചപ്പെടാത്തതിനാൽ അംഗീകരിക്കാൻ കഴിയില്ലായെന്ന് ധനവകുപ്പ് അറിയിച്ച സാഹചര്യത്തിൽ സമിതിയുടെ ശിപാർശ നടപ്പാക്കാൻ നിർവ്വാഹമില്ല.

(സർക്കാർ കത്ത് നം. 4497/എ 3/2015/സാം.കാ.വ. തീയതി 13.01.2016)

ശിപാർശ (ഖണ്ഡിക 92)

2205-00-102-18- കേരള സംസ്കാരത്തിന്റെ വ്യാപനം

'കേരള സംസ്കാരത്തിന്റെ വ്യാപനം' എന്ന പദ്ധതി ആഗോള തലത്തിൽ നടപ്പാക്കുന്നതിനും പ്രസ്തുത പദ്ധതിയുടെ അടുത്ത ഘട്ടത്തിനും ബഡ്ജറ്റിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 1.50 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സാംസ്കാരികകാര്യ വകുപ്പുമായി ബന്ധപ്പെട്ട ശീർഷകങ്ങളിൽ അധിക ധനസഹായം വകയിരുത്തണമെന്ന ആവശ്യം സംസ്ഥാനത്തിന്റെ ധനസ്ഥിതി മെച്ചപ്പെടാത്തതിനാൽ അംഗീകരിക്കാൻ കഴിയില്ലായെന്ന് ധനവകുപ്പ് അറിയിച്ച സാഹചര്യത്തിൽ സമിതിയുടെ ശിപാർശ നടപ്പാക്കാൻ നിർവ്വാഹമില്ല.

(സർക്കാർ കത്ത് നം.4497/എ 3/2015/സാം.കാ.വ. തീയതി 13.01.2016)

ശിപാർശ (ഖണ്ഡിക 93)

2205-00-107-99- ആർട്ട് മ്യൂസിയം ഉൾപ്പെടെയുള്ള മ്യൂസിയം.

05 -1 -ഓഫീസ് ചെലവുകൾ - വെള്ളക്കരം

02 - വേതനം

മ്യൂസിയം മൃഗശാല വകുപ്പിലെ വർഷങ്ങളായുള്ള വെള്ളക്കരം കടിശ്ശിക അടച്ചു തീർക്കുന്നതിനും, ദിവസവേതന ജീവനക്കാർക്ക് ശമ്പളം നൽകുന്നതിനും ബഡ്ജറ്റിൽ അനുവദിച്ച തുക പര്യാപ്തമല്ല. ആയതിനാൽ ഈ ശീർഷകത്തിൽ വെള്ളക്കരം ഇനത്തിൽ 50 ലക്ഷം രൂപയും വേതനം ഇനത്തിൽ 30 ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സാംസ്കാരികകാര്യ വകുപ്പുമായി ബന്ധപ്പെട്ട ശീർഷകങ്ങളിൽ അധിക ധനസഹായം വകയിരുത്തണമെന്ന ആവശ്യം സംസ്ഥാനത്തിന്റെ ധനസ്ഥിതി മെച്ചപ്പെടാത്തതിനാൽ അംഗീകരിക്കാൻ കഴിയില്ലായെന്ന് ധനവകുപ്പ് അറിയിച്ച സാഹചര്യത്തിൽ സമിതിയുടെ ശിപാർശ നടപ്പാക്കാൻ നിർവ്വാഹമില്ല.

(സർക്കാർ കത്ത് നം.4497/എ 3/2015/സാം.കാ.വ. തീയതി 13.01.2016)

അധിക വിവരം

ദിവസ വേതനക്കാരുടെ ശമ്പളാവശ്യങ്ങൾക്കായി 41.46 ലക്ഷം രൂപ അഡീഷണൽ ഓതറൈസേഷനായി 2015-16 സാമ്പത്തിക വർഷം അനുവദിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നം.4497/എ 3/2015/സാം.കാ.വ. തീയതി 20.10.2016)

ശിപാർശ (ഖണ്ഡിക 94)

2205-00-102-97 - കേരള സാഹിത്യ അക്കാദമി ധനസഹായം.

കേരള സാഹിത്യ അക്കാദമി വിഭാവനം ചെയ്തിട്ടുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിനും പ്രാചീന ഗ്രന്ഥങ്ങൾ ഡിജിറ്റൽ രൂപത്തിൽ ഇന്റർനെറ്റിൽ ലഭ്യമാക്കുന്നതിനുള്ള ഡിജിറ്റൈസേഷൻ പദ്ധതി നടപ്പാക്കുന്നതിനും ബഡ്ജറ്റിൽ അനുവദിച്ച പദ്ധതി വിഹിതം അപര്യാപ്തമായതിനാൽ 10 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സാംസ്കാരികകാര്യ വകുപ്പുമായി ബന്ധപ്പെട്ട ശീർഷകങ്ങളിൽ അധിക ധനസഹായം വകയിരുത്തണമെന്ന ആവശ്യം സംസ്ഥാനത്തിന്റെ ധനസ്ഥിതി മെച്ചപ്പെടാത്തതിനാൽ അംഗീകരിക്കാൻ കഴിയില്ലായെന്ന് ധനവകുപ്പ് അറിയിച്ച സാഹചര്യത്തിൽ സമിതിയുടെ ശിപാർശ നടപ്പാക്കാൻ നിർവ്വാഹമില്ല.

(സർക്കാർ കത്ത് നം.4497/എ 3/2015/സാം.കാ.വ. തീയതി 13.01.2016)

ശിപാർശ (ഖണ്ഡിക 95)

ശമ്പളവും ആനുകൂല്യങ്ങളും മറ്റു സ്ഥാപന ചെലവുകൾക്കുമായി അനുവദിച്ചിരിക്കുന്ന പദ്ധതിയേതര വിഹിതം അപര്യാപ്തമായതിനാൽ 43 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സാംസ്കാരികകാര്യ വകുപ്പുമായി ബന്ധപ്പെട്ട ശീർഷകങ്ങളിൽ അധിക ധനസഹായം വകയിരുത്തണമെന്ന ആവശ്യം സംസ്ഥാനത്തിന്റെ ധനസ്ഥിതി മെച്ചപ്പെടാത്തതിനാൽ അംഗീകരിക്കാൻ കഴിയില്ലായെന്ന് ധനവകുപ്പ് അറിയിച്ച സാഹചര്യത്തിൽ സമിതിയുടെ ശിപാർശ നടപ്പാക്കാൻ നിർവ്വാഹമില്ല.

(സർക്കാർ കത്ത് നം.4497/എ 3/2015/സാം.കാ.വ. തീയതി 13.01.2016)

<u>ശിപാർശ (ഖണ്ഡിക 96)</u>

2205-00-101-96 - <u>ജവഹർ ബാലഭവൻ</u>

ജവഹർ ബാലഭവനിലെ പദ്ധതി വികസന പ്രവർത്തനങ്ങൾക്കും ജീവനക്കാർക്ക് ശമ്പളം നൽകുന്നതിനും ബഡ്ജറ്റിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ പദ്ധതി ഇനത്തിൽ 3 കോടി രൂപയും പദ്ധതിയേതര ഇനത്തിൽ 1 കോടി രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

സാംസ്കാരികകാര്യ വകുപ്പുമായി ബന്ധപ്പെട്ട ശീർഷകങ്ങളിൽ അധിക ധനസഹായം വകയിരുത്തണമെന്ന ആവശ്യം സംസ്ഥാനത്തിന്റെ ധനസ്ഥിതി മെച്ചപ്പെടാത്തതിനാൽ അംഗീകരിക്കാൻ കഴിയില്ലായെന്ന് ധനവകുപ്പ് അറിയിച്ച സാഹചര്യത്തിൽ സമിതിയുടെ ശിപാർശ നടപ്പാക്കാൻ നിർവ്വാഹമില്ല.

(സർക്കാർ കത്ത് നം.4497/എ 3/2015/സാം.കാ.വ. തീയതി 13.01.2016)

<u>അധിക വിവരം</u>

13.08.2015-ലെ സ.ഉ.(സാധാ)നം.7417/15/ധന. പ്രകാരം 50 ലക്ഷവും 18.11.2015-ലെ സ.ഉ.(സാധാ)നം.10003/15/ധന. പ്രകാരം 42.88 ലക്ഷവും 29.03.2016-ലെ സ.ഉ.(സാധാ)നം.2994/16/ധന. പ്രകാരം 15.23 ലക്ഷവും പദ്ധതിയേതര വിഹിതത്തിൽ അഡീഷണൽ ഓതറൈസേഷൻ അനുവദിച്ചിട്ടുണ്ട്. (ആകെ 108.11 ലക്ഷം)

(സർക്കാർ കത്ത് നം.4497/എ 3/2015/സാം.കാ.വ. തീയതി 20.10.2016)

<u>ശിപാർശ (ഖണ്ഡിക 97)</u>

2205-00-102-40-<u>വൈലോപ്പിള്ളി സംസ്കൃതി ഭവൻ (വിവിധോദ്ദേശ്യ സാംസ്കാരിക സമുച്ചയം)</u>

വൈലോപ്പിള്ളി സംസ്കൃതി ഭവന്റെ അടിസ്ഥാന വികസനം, വിവിധോദ്ദേശ്യ സാംസ്കാരിക ലക്ഷ്യം കൈവരിക്കുന്നതിനുള്ള പരിപാടികൾ എന്നീ പദ്ധതികൾ നടപ്പിലാക്കുന്നതിന് ബഡ്ജറ്റിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ പദ്ധതി

ഇനത്തിൽ 71.25 ലക്ഷം രൂപയും പദ്ധതിയേതര ഇനത്തിൽ 30 ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സാംസ്കാരികകാര്യ വകുപ്പുമായി ബന്ധപ്പെട്ട ശീർഷകങ്ങളിൽ അധിക ധനസഹായം വകയിരുത്തണമെന്ന ആവശ്യം സംസ്ഥാനത്തിന്റെ ധനസ്ഥിതി മെച്ചപ്പെടാത്തതിനാൽ അംഗീകരിക്കാൻ കഴിയില്ലായെന്ന് ധനവകുപ്പ് അറിയിച്ച സാഹചര്യത്തിൽ സമിതിയുടെ ശിപാർശ നടപ്പാക്കാൻ നിർവ്വാഹമില്ല.

(സർക്കാർ കത്ത് നം.4497/എ 3/2015/സാം.കാ.വ. തീയതി 13.01.2016)

ശിപാർശ (ഖണ്ഡിക 98)

2202-05-102-97 -സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്

സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് വിഭാവനം ചെയ്യുന്ന രീതിയിലുള്ള പദ്ധതികളുടെ നടത്തിപ്പിന് പദ്ധതി ഇനത്തിൽ 18 ലക്ഷം രൂപയും ശമ്പളം, ഓഫീസ് ചെലവുകൾ, ഭരണ ചെലവുകൾ എന്നിവയ്ക്കായി പദ്ധതിയേതര ഇനത്തിൽ 158.26 ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സാംസ്കാരികകാര്യ വകുപ്പുമായി ബന്ധപ്പെട്ട ശീർഷകങ്ങളിൽ അധിക ധനസഹായം വകയിരുത്തണമെന്ന ആവശ്യം സംസ്ഥാനത്തിന്റെ ധനസ്ഥിതി മെച്ചപ്പെടാത്തതിനാൽ അംഗീകരിക്കാൻ കഴിയില്ലായെന്ന് ധനവകുപ്പ് അറിയിച്ച സാഹചര്യത്തിൽ സമിതിയുടെ ശിപാർശ നടപ്പാക്കാൻ നിർവ്വാഹമില്ല.

(സർക്കാർ കത്ത് നം.4497/എ 3/2015/സാം.കാ.വ. തീയതി 13.01.2016)

ശിപാർശ (ഖണ്ഡിക 99)

2205-00-102-65 -മലയാള ചിത്രങ്ങൾക്കുള്ള സബ്സിഡി.

ചലച്ചിത്രങ്ങളുടെ സബ്സിഡി ഇനത്തിലുള്ള കുടിശ്ശിക നൽകുന്നതിനും പുതുതായി രജിസ്റ്റർ ചെയ്ത ചിത്രങ്ങൾക്കുള്ള സബ്സിഡി നൽകുന്നതിനും ബഡ്ജറ്റിൽ അനുവദിച്ച തുക

അപര്യാപ്തമായതിനാൽ പദ്ധതി ഇനത്തിൽ 1 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സാംസ്കാരികകാര്യ വകുപ്പുമായി ബന്ധപ്പെട്ട ശീർഷകങ്ങളിൽ അധിക ധനസഹായം വകയിരുത്തണമെന്ന ആവശ്യം സംസ്ഥാനത്തിന്റെ ധനസ്ഥിതി മെച്ചപ്പെടാത്തതിനാൽ അംഗീകരിക്കാൻ കഴിയില്ലായെന്ന് ധനവകുപ്പ് അറിയിച്ച സാഹചര്യത്തിൽ സമിതിയുടെ ശിപാർശ നടപ്പാക്കാൻ നിർവ്വാഹമില്ല.
(സർക്കാർ കത്ത് നം.4497/എ 3/2015/സാം.കാ.വ. തീയതി 13.01.2016)

ശിപാർശ (ഖണ്ഡിക 100)

2205-00-102-15 -പഴയ മലയാളം ചലച്ചിത്രങ്ങളുടെ നെഗറ്റീവുകളുടെ സംരക്ഷണവും ഡിജിറ്റലൈസേഷനും.

പഴയ മലയാള ചലച്ചിത്രങ്ങളുടെ നെഗറ്റീവുകൾ ഡിജിറ്റൽ ഫോർമാറ്റിൽ ആക്കുന്നതിനും ചിത്രാഞ്ജലി സ്റ്റുഡിയോയിലെ പഴയ കെട്ടിടം ഈ സംവിധാനത്തിനായി ക്രമീകരിക്കുന്നതിനും ബഡ്ജറ്റിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ പദ്ധതിയേതര ഇനത്തിൽ 2.68 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സാംസ്കാരികകാര്യ വകുപ്പുമായി ബന്ധപ്പെട്ട ശീർഷകങ്ങളിൽ അധിക ധനസഹായം വകയിരുത്തണമെന്ന ആവശ്യം സംസ്ഥാനത്തിന്റെ ധനസ്ഥിതി മെച്ചപ്പെടാത്തതിനാൽ അംഗീകരിക്കാൻ കഴിയില്ലായെന്ന് ധനവകുപ്പ് അറിയിച്ച സാഹചര്യത്തിൽ സമിതിയുടെ ശിപാർശ നടപ്പാക്കാൻ നിർവ്വാഹമില്ല.
(സർക്കാർ കത്ത് നം.4497/എ 3/2015/സാം.കാ.വ. തീയതി 13.01.2016)

ശിപാർശ (ഖണ്ഡിക 101)

2202-05-102-96- കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിൽ കെട്ടിടനിർമ്മാണം, നവീകരണം എന്നിവയ്ക്കായി പദ്ധതിയിനത്തിൽ 2.25 കോടി രൂപയും പദ്ധതിയേതര ഇനത്തിൽ 1 കോടി രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സാംസ്കാരികകാര്യ വകുപ്പുമായി ബന്ധപ്പെട്ട ശീർഷകങ്ങളിൽ അധിക ധനസഹായം വകയിരുത്തണമെന്ന ആവശ്യം സംസ്ഥാനത്തിന്റെ ധനസ്ഥിതി മെച്ചപ്പെടാത്തതിനാൽ അംഗീകരിക്കാൻ കഴിയില്ലായെന്ന് ധനവകുപ്പ് അറിയിച്ച സാഹചര്യത്തിൽ സമിതിയുടെ ശിപാർശ നടപ്പാക്കാൻ നിർവ്വാഹമില്ല.

(സർക്കാർ കത്ത് നം.4497/എ 3/2015/സാം.കാ.വ. തീയതി 13.01.2016)

ശിപാർശ (ഖണ്ഡിക 102)

2205-00-102-82- തിരുവനന്തപുരം ഭാരത് ഭവൻ

ഭാരത് ഭവൻ നടപ്പ് വർഷം നടപ്പാക്കാൻ ലക്ഷ്യമിടുന്ന മറുനാടൻ പ്രതിവാര കലോത്സവം, ദേശീയ വിവർത്തന ശിബിരം, ഇന്ത്യൻ സംസ്കാരത്തിന്റെ വൈവിധ്യത്തെക്കുറിച്ചുള്ള അവബോധം അനാവരണം ചെയ്യുന്ന സെമിനാറുകൾ, ബഹുഭാഷാ ശില്പശാലകൾ, അതിഥിദേവോഭവ, അഫിലിയേറ്റഡ് അസോസിയേഷനുകളുമായി സംയുക്തമായി സംഘടിപ്പിക്കുന്ന പരിപാടികൾ തുടങ്ങിയ പുതിയ പരിപാടികൾ നടപ്പിലാക്കുന്നതിന് പദ്ധതി ഇനത്തിൽ 75 ലക്ഷം രൂപയും ജീവനക്കാരുടെ ശമ്പളം, മറ്റ് ഓഫീസ് ചെലവുകൾ എന്നിവയ്ക്ക് പദ്ധതിയേതര ഇനത്തിൽ 19 ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സാംസ്കാരികകാര്യ വകുപ്പുമായി ബന്ധപ്പെട്ട ശീർഷകങ്ങളിൽ അധിക ധനസഹായം വകയിരുത്തണമെന്ന ആവശ്യം സംസ്ഥാനത്തിന്റെ ധനസ്ഥിതി മെച്ചപ്പെടാത്തതിനാൽ

അംഗീകരിക്കാൻ കഴിയില്ലായെന്ന് ധനവകുപ്പ് അറിയിച്ച സാഹചര്യത്തിൽ സമിതിയുടെ ശിപാർശ നടപ്പാക്കാൻ നിർവ്വാഹമില്ല.

(സർക്കാർ കത്ത് നം.4497/എ 3/2015/സാം.കാ.വ. തീയതി 13.01.2016)

ശിപാർശ (ഖണ്ഡിക 103)

2205-00-101-97- കേരള കലാമണ്ഡലം

കേരള കലാമണ്ഡലത്തിന്റെ പദ്ധതി ചെലവുകളിൽ വർദ്ധനവ് വന്നിട്ടുള്ളതിനാലും നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനും ബഡ്ജറ്റിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ പദ്ധതി ഇനത്തിൽ 5 കോടി രൂപയും ശമ്പള പരിഷ്കരണ കുടിശ്ശിക നൽകേണ്ടതിനാലും പദ്ധതിയേതര ചെലവുകളിൽ കാര്യമായ വർദ്ധനവ് വന്നിട്ടുള്ളതിനാലും പദ്ധതിയേതര ഇനത്തിൽ 6 കോടി രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സാംസ്കാരികകാര്യ വകുപ്പുമായി ബന്ധപ്പെട്ട ശീർഷകങ്ങളിൽ അധിക ധനസഹായം വകയിരുത്തണമെന്ന ആവശ്യം സംസ്ഥാനത്തിന്റെ ധനസ്ഥിതി മെച്ചപ്പെടാത്തതിനാൽ അംഗീകരിക്കാൻ കഴിയില്ലായെന്ന് ധനവകുപ്പ് അറിയിച്ച സാഹചര്യത്തിൽ സമിതിയുടെ ശിപാർശ നടപ്പാക്കാൻ നിർവ്വാഹമില്ല.

(സർക്കാർ കത്ത് നം.4497/എ 3/2015/സാം.കാ.വ. തീയതി 13.01.2016)

ശിപാർശ (ഖണ്ഡിക 104)

2205-00-102-68-വാസ്തു വിദ്യാ ഗുരുകുലം

വാസ്തുവിദ്യാ ഗുരുകുലത്തിലെ ജീവനക്കാർക്ക് ശമ്പളം നൽകുന്നതിന് ബഡ്ജറ്റ് വിഹിതം അനുവദിച്ചിട്ടില്ലാത്തതിനാൽ പദ്ധതിയേതര ഇനത്തിൽ 20 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സാംസ്കാരികകാര്യ വകുപ്പുമായി ബന്ധപ്പെട്ട ശീർഷകങ്ങളിൽ അധിക ധനസഹായം വകയിരുത്തണമെന്ന ആവശ്യം സംസ്ഥാനത്തിന്റെ ധനസ്ഥിതി മെച്ചപ്പെടാത്തതിനാൽ

അംഗീകരിക്കാൻ കഴിയില്ലായെന്ന് ധനവകുപ്പ് അറിയിച്ച സാഹചര്യത്തിൽ സമിതിയുടെ ശിപാർശ നടപ്പാക്കാൻ നിർവ്വാഹമില്ല.

(സർക്കാർ കത്ത് നം.4497/എ 3/2015/സാം.കാ.വ. തീയതി 13.01.2016)

ശിപാർശ (ഖണ്ഡിക 105)

2205-00-102-76-ഗുരുഗോപിനാഥ് നടനഗ്രാമം

ഗുരുഗോപിനാഥ് നടനഗ്രാമത്തിന് ദേശീയ നൃത്ത മ്യൂസിയത്തിന്റെ നിർമ്മാണം, ഇതിനോടനുബന്ധിച്ച് റോഡ് വശത്തെ പ്രവേശന കവാടം മോടിപിടിപ്പിക്കൽ, നടപ്പാതയിൽ ഇന്റർലോക്ക് പാകൽ, ദേശീയ നൃത്ത മ്യൂസിയത്തിന് മുൻ ഭാഗത്ത് കുളം നിർമ്മിച്ച് അതിന് മദ്ധ്യഭാഗത്തായി ഭരതമുനിയുടെ പ്രതിമ സ്ഥാപിക്കൽ, ഗാർഡനിംഗ്, റോഡ് ടാറിംഗ്, ദേശീയ നൃത്ത മ്യൂസിയം പദ്ധതി ഉദ്ഘാടനവുമായി ബന്ധപ്പെട്ട സെമിനാറുകളും ശില്പശാലകളും, അനുബന്ധ പരിപാടികൾ എന്നിവയ്ക്ക് ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന പദ്ധതി വിഹിതം അപര്യാപ്തമായതിനാൽ 21 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സാംസ്കാരികകാര്യ വകുപ്പുമായി ബന്ധപ്പെട്ട ശീർഷകങ്ങളിൽ അധിക ധനസഹായം വകയിരുത്തണമെന്ന ആവശ്യം സംസ്ഥാനത്തിന്റെ ധനസ്ഥിതി മെച്ചപ്പെടാത്തതിനാൽ അംഗീകരിക്കാൻ കഴിയില്ലായെന്ന് ധനവകുപ്പ് അറിയിച്ച സാഹചര്യത്തിൽ സമിതിയുടെ ശിപാർശ നടപ്പാക്കാൻ നിർവ്വാഹമില്ല.

(സർക്കാർ കത്ത് നം.4497/എ 3/2015/സാം.കാ.വ. തീയതി 13.01.2016)

അധിക വിവരം

22.08.2015-ലെ സ.ഉ.(സാധാ) നം.433/15/സം.കാ.വ. പ്രകാരം 1.15 കോടി രൂപയും (S.D.G.) 16.01.2016-ലെ സ.ഉ.(സാധാ)നം.14/16/സം.കാ.വ. പ്രകാരം 2 കോടി രൂപയും (അഡീഷണൽ ഓതറൈസേഷൻ) ഗുരു ഗോപിനാഥ് നടനഗ്രാമത്തിന് ദേശീയ നൃത്ത മ്യൂസിയത്തിന്റെ നിർമ്മാണത്തിന് അനുവദിച്ചിട്ടുണ്ട്. (ആകെ 3.15 കോടി രൂപ)

(സർക്കാർ കത്ത് നം.4497/എ 3/2015/സാം.കാ.വ. തീയതി 20.10.2016)

ശിപാർശ (ഖണ്ഡിക 106)

ജീവനക്കാരുടെ ശമ്പളം മറ്റാനുകൂല്യങ്ങൾ, ഓഫീസ് പ്രവർത്തനം എന്നിവയ്ക്ക് ബഡ്ജറ്റിൽ അനുവദിച്ച പദ്ധതിയേതര വിഹിതം അപര്യാപ്തമായതിനാൽ 25 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സാംസ്കാരികകാര്യ വകുപ്പുമായി ബന്ധപ്പെട്ട ശീർഷകങ്ങളിൽ അധിക ധനസഹായം വകയിരുത്തണമെന്ന ആവശ്യം സംസ്ഥാനത്തിന്റെ ധനസ്ഥിതി മെച്ചപ്പെടാത്തതിനാൽ അംഗീകരിക്കാൻ കഴിയില്ലായെന്ന് ധനവകുപ്പ് അറിയിച്ച സാഹചര്യത്തിൽ സമിതിയുടെ ശിപാർശ നടപ്പാക്കാൻ നിർവ്വാഹമില്ല.

(സർക്കാർ കത്ത് നം.4497/എ 3/2015/സാം.കാ.വ. തീയതി 13.01.2016)

ശിപാർശ (ഖണ്ഡിക 107)

2205-00-103-85 പൈതൃക പഠന കേന്ദ്രം

പൈതൃക പഠന കേന്ദ്രത്തിന്റെ വരുമാനം പദ്ധതിയേതര ചെലവുകൾക്ക് അപര്യാപ്തമായതിനാലും പദ്ധതിയേതര വിഹിതം അനുവദിക്കാത്തതിനാലും ഈ ശീർഷകത്തിൽ പദ്ധതിയേതര ഇനത്തിൽ 50 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സാംസ്കാരികകാര്യ വകുപ്പുമായി ബന്ധപ്പെട്ട ശീർഷകങ്ങളിൽ അധിക ധനസഹായം വകയിരുത്തണമെന്ന ആവശ്യം സംസ്ഥാനത്തിന്റെ ധനസ്ഥിതി മെച്ചപ്പെടാത്തതിനാൽ അംഗീകരിക്കാൻ കഴിയില്ലായെന്ന് ധനവകുപ്പ് അറിയിച്ച സാഹചര്യത്തിൽ സമിതിയുടെ ശിപാർശ നടപ്പാക്കാൻ നിർവ്വാഹമില്ല.

(സർക്കാർ കത്ത് നം.4497/എ 3/2015/സാം.കാ.വ. തീയതി 13.01.2016)

ശിപാർശ (ഖണ്ഡിക 108)

2205-00-102-66 - കേരള സംസ്ഥാന ചലച്ചിത്ര അക്കാഡമി

അന്തർ ദേശീയ ചലച്ചിത്രോത്സവം, ദേശീയ ചലച്ചിത്രമേളകൾ, അന്തർ ദേശീയ ഹ്രസ്വചിത്രമേള, മലയാള സിനിമയുടെ പ്രോത്സാഹന പരിപാടി, ടെലിവിഷൻ, മാധ്യമം,

ഫിലിം ലൈബ്രറി നവീകരണം, ടൂറിംഗ് ടാക്കീസ് പരിപാടി എന്നിവയ്ക്കായി ബഡ്ജറ്റിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ പദ്ധതി ഇനത്തിൽ 1 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

സാംസ്കാരികകാര്യ വകുപ്പുമായി ബന്ധപ്പെട്ട ശീർഷകങ്ങളിൽ അധിക ധനസഹായം വകയിരുത്തണമെന്ന ആവശ്യം സംസ്ഥാനത്തിന്റെ ധനസ്ഥിതി മെച്ചപ്പെടാത്തതിനാൽ അംഗീകരിക്കാൻ കഴിയില്ലായെന്ന് ധനവകുപ്പ് അറിയിച്ച സാഹചര്യത്തിൽ സമിതിയുടെ ശിപാർശ നടപ്പാക്കാൻ നിർവ്വാഹമില്ല.

(സർക്കാർ കത്ത് നം.4497/എ 3/2015/സാം.കാ.വ. തീയതി 13.01.2016)

<u>അധിക വിവരം</u>

29.03.2016-ലെ സ.ഉ.(സാധാ)നം.157/16/സാം.കാ.വ. പ്രകാരം അന്തർദേശീയ ചലച്ചിത്രോത്സവത്തിന് 1 കോടി രൂപ അഡീഷണൽ ഓതറൈസേഷൻ അനുവദിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നം.4497/എ 3/2015/സാം.കാ.വ. തീയതി 20.10.2016)

<u>ശിപാർശ (ഖണ്ഡിക 109)</u>

2205-00-102-90-<u>കേരള സംഗീത നാടക അക്കാദമി</u>

അന്തർദേശീയ നാടകോത്സവം, കലോത്സവം, ശിൽപശാലകൾ തുടങ്ങിയ പരിപാടികൾക്കായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന പദ്ധതി വിഹിതം അപര്യാപ്തമായതിനാൽ 2.25 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

സാംസ്കാരികകാര്യ വകുപ്പുമായി ബന്ധപ്പെട്ട ശീർഷകങ്ങളിൽ അധിക ധനസഹായം വകയിരുത്തണമെന്ന ആവശ്യം സംസ്ഥാനത്തിന്റെ ധനസ്ഥിതി മെച്ചപ്പെടാത്തതിനാൽ അംഗീകരിക്കാൻ കഴിയില്ലായെന്ന് ധനവകുപ്പ് അറിയിച്ച സാഹചര്യത്തിൽ സമിതിയുടെ ശിപാർശ നടപ്പാക്കാൻ നിർവ്വാഹമില്ല.

(സർക്കാർ കത്ത് നം.4497/എ 3/2015/സാം.കാ.വ. തീയതി 13.01.2016)

ശിപാർശ (ഖണ്ഡിക 110)

2014-ലെ കലാരത്ന/കലാശ്രീ/ഗുരുപൂജ പുരസ്കാര സമർപ്പണം, 9-ാം ശമ്പള പരിഷ്കരണ കുടിശ്ശിക, ഡി.എ കുടിശ്ശിക, മറ്റ് പദ്ധതിയേതര ആവശ്യങ്ങൾ എന്നിവയ്ക്കായി അനുവദിച്ചിരിക്കുന്ന ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ പദ്ധതിയേതര ഇനത്തിൽ 30 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സാംസ്കാരികകാര്യ വകുപ്പുമായി ബന്ധപ്പെട്ട ശീർഷകങ്ങളിൽ അധിക ധനസഹായം വകയിരുത്തണമെന്ന ആവശ്യം സംസ്ഥാനത്തിന്റെ ധനസ്ഥിതി മെച്ചപ്പെടാത്തതിനാൽ അംഗീകരിക്കാൻ കഴിയില്ലായെന്ന് ധനവകുപ്പ് അറിയിച്ച സാഹചര്യത്തിൽ സമിതിയുടെ ശിപാർശ നടപ്പാക്കാൻ നിർവ്വാഹമില്ല.

(സർക്കാർ കത്ത് നം.4497/എ 3/2015/സാം.കാ.വ. തീയതി 13.01.2016)

ശിപാർശ (ഖണ്ഡിക 111)

2205-00-102-74 കേരള നാടൻകലാ അക്കാദമി

ട്രാവൻകൂർ ഫോക് വില്ലേജ്, ക്ഷേത്രകലാ-വാദ്യോപകരണ അന്താരാഷ്ട്ര പഠന ഗവേഷണ കേന്ദ്രം, മിഷൻ 676, നാടൻകലകളുടെ പ്രചരണത്തിനും സംരക്ഷണത്തിനുമായി ആവിഷ്കരിച്ചിട്ടുള്ള നൂതന പദ്ധതികൾ, ലോക നാടൻകലാ ഉത്സവം എന്നിവയ്ക്ക് പദ്ധതി വിഹിതം അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 6 കോടി രൂപയും ശമ്പളം, ദൈനംദിന പ്രവർത്തനങ്ങൾ എന്നിവയ്ക്കായി പദ്ധതിയേതരയിനത്തിൽ 1 കോടി രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സാംസ്കാരികകാര്യ വകുപ്പുമായി ബന്ധപ്പെട്ട ശീർഷകങ്ങളിൽ അധിക ധനസഹായം വകയിരുത്തണമെന്ന ആവശ്യം സംസ്ഥാനത്തിന്റെ ധനസ്ഥിതി മെച്ചപ്പെടാത്തതിനാൽ അംഗീകരിക്കാൻ കഴിയില്ലായെന്ന് ധനവകുപ്പ് അറിയിച്ച സാഹചര്യത്തിൽ സമിതിയുടെ ശിപാർശ നടപ്പാക്കാൻ നിർവ്വാഹമില്ല.

(സർക്കാർ കത്ത് നം.4497/എ 3/2015/സാം.കാ.വ. തീയതി 13.01.2016)

ശിപാർശ (ഖണ്ഡിക 112)

2202-05-102-92- കേരള ബുക്ക് മാർക്കറ്റിംഗ് സൊസൈറ്റി ധനസഹായം

കേരള ബുക്ക് മാർക്കറ്റിംഗ് സൊസൈറ്റിക്ക് പുതിയ ബ്രാഞ്ചുകൾ ആരംഭിക്കുക, 2 സഞ്ചരിക്കുന്ന പുസ്തകശാല വാഹനങ്ങൾ കൂടി വാങ്ങുക, സി.സി. ക്യാമറ സ്ഥാപിക്കുക, മേളകൾ നടത്തുക എന്നിവയ്ക്ക് ബഡ്ജറ്റിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ പദ്ധതി ഇനത്തിൽ 3.27 കോടി രൂപ അധികമായി അനുവദിക്കണമെന്നും പദ്ധതിയേതര ഇനമായി 1 കോടി രൂപ അനുവദിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു

സ്വീകരിച്ച നടപടി

സാംസ്കാരികകാര്യ വകുപ്പുമായി ബന്ധപ്പെട്ട ശീർഷകങ്ങളിൽ അധിക ധനസഹായം വകയിരുത്തണമെന്ന ആവശ്യം സംസ്ഥാനത്തിന്റെ ധനസ്ഥിതി മെച്ചപ്പെടാത്തതിനാൽ അംഗീകരിക്കാൻ കഴിയില്ലായെന്ന് ധനവകുപ്പ് അറിയിച്ച സാഹചര്യത്തിൽ സമിതിയുടെ ശിപാർശ നടപ്പാക്കാൻ നിർവ്വാഹമില്ല

(സർക്കാർ കത്ത് നം.4497/എ 3/2015/സാം.കാ.വ. തീയതി 13.01.2016)

ശിപാർശ (ഖണ്ഡിക 113)

2202-05-102-98 - സംസ്ഥാന സർവ്വവിജ്ഞാനകോശ പ്രസിദ്ധീകരണ കേന്ദ്രം

സർവ്വവിജ്ഞാന കോശ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഭരണച്ചെലവുകൾ, ജീവനക്കാരുടെ ശമ്പളം, ക്ഷാമബത്ത, മെഡിക്കൽ റീ -ഇംബേഴ്സ്മെന്റ്, വാഹനത്തിന്റെ അറ്റകുറ്റപ്പണി എന്നിവയ്ക്ക് ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന പദ്ധതിയേതര വിഹിതം അപര്യാപ്തമായതിനാൽ പദ്ധതിയേതര ഇനത്തിൽ 4 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സാംസ്കാരികകാര്യ വകുപ്പുമായി ബന്ധപ്പെട്ട ശീർഷകങ്ങളിൽ അധിക ധനസഹായം വകയിരുത്തണമെന്ന ആവശ്യം സംസ്ഥാനത്തിന്റെ ധനസ്ഥിതി മെച്ചപ്പെടാത്തതിനാൽ അംഗീകരിക്കാൻ കഴിയില്ലായെന്ന് ധനവകുപ്പ് അറിയിച്ച സാഹചര്യത്തിൽ സമിതിയുടെ ശിപാർശ നടപ്പാക്കാൻ നിർവ്വാഹമില്ല

(സർക്കാർ കത്ത് നം.4497/എ 3/2015/സാം.കാ.വ. തീയതി 13.01.2016)

അധിക വിവരം

19.03.2016-ലെ സ.ഉ.(സാധാ)നം.137/16/സം.കാ.വ. പ്രകാരം 24.99 ലക്ഷം രൂപ അഡീഷണൽ ഓതറൈസേഷൻ അനുവദിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നം.4497/എ 3/2015/സാം.കാ.വ. തീയതി 20.10.2016)

ശിപാർശ (ഖണ്ഡിക 114)

2205-00-102-98 - പ്രമുഖരായ കലാകാരന്മാരുടെയും സാഹിത്യകാരന്മാരുടെയും സ്മാരകങ്ങൾക്കായുള്ള സഹായം.

പ്രശസ്തരായ കലാകാരന്മാരുടെയും സാഹിത്യകാരന്മാരുടെയും സ്മാരകങ്ങളുടെ നിർമ്മാണത്തിനും പുനരുജ്ജീവനത്തിനും ധനസഹായം ആവശ്യപ്പെട്ട് ലഭിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതിനായി ഈ ശീർഷകത്തിൽ പദ്ധതിയിനത്തിൽ 28 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സാംസ്കാരികകാര്യ വകുപ്പുമായി ബന്ധപ്പെട്ട ശീർഷകങ്ങളിൽ അധിക ധനസഹായം വകയിരുത്തണമെന്ന ആവശ്യം സംസ്ഥാനത്തിന്റെ ധനസ്ഥിതി മെച്ചപ്പെടാത്തതിനാൽ അംഗീകരിക്കാൻ കഴിയില്ലായെന്ന് ധനവകുപ്പ് അറിയിച്ച സാഹചര്യത്തിൽ സമിതിയുടെ ശിപാർശ നടപ്പാക്കാൻ നിർവ്വാഹമില്ല.

(സർക്കാർ കത്ത് നം.4497/എ 3/2015/സാം.കാ.വ. തീയതി 13.01.2016)

ശിപാർശ (ഖണ്ഡിക 115)

2202-05-102-86 - മലയാളം മിഷൻ

മലയാളം മിഷനിലെ ജീവനക്കാരുടെ ശമ്പളം, ഓഫീസ് വാടക, യാത്രാ ചെലവ് എന്നീ ഇനങ്ങൾക്ക് ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന പദ്ധതിയേതര വിഹിതം അപര്യാപ്തമായതിനാൽ 25 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സാംസ്കാരികകാര്യ വകുപ്പുമായി ബന്ധപ്പെട്ട ശീർഷകങ്ങളിൽ അധിക ധനസഹായം വകയിരുത്തണമെന്ന ആവശ്യം സംസ്ഥാനത്തിന്റെ ധനസ്ഥിതി മെച്ചപ്പെടാത്തതിനാൽ അംഗീകരിക്കാൻ കഴിയില്ലായെന്ന് ധനവകുപ്പ് അറിയിച്ച സാഹചര്യത്തിൽ സമിതിയുടെ ശിപാർശ നടപ്പാക്കാൻ നിർവ്വാഹമില്ല.

(സർക്കാർ കത്ത് നം.4497/എ 3/2015/സാം.കാ.വ. തീയതി 13.01.2016)

അധിക വിവരം

09.03.2016-ലെ സ.ഉ.(സാധാ)നം.125/16/സം.ക.വ. പ്രകാരം 10 ലക്ഷം രൂപ അഡീഷണൽ ഓതറൈസേഷൻ അനുവദിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നം.4497/എ 3/2015/സാം.കാ.വ. തീയതി 20.10.2016)

ശിപാർശ (ഖണ്ഡിക 116)

കൊങ്കണി സാഹിത്യ അക്കാദമി

സ്വന്തമായ ഓഫീസ് കെട്ടിടവും ഓഡിറ്റോറിയവും ഉൾപ്പെടെയുള്ള കെട്ടിട സമുച്ചയം നിർമ്മിക്കുന്നതിനും താത്കാലിക ജീവനക്കാരെവച്ച് പ്രവർത്തനങ്ങൾക്ക് അടിസ്ഥാനമിടുന്നതിനും, കൊങ്കണി സാഹിത്യ അക്കാദമി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന വിവിധ പദ്ധതികൾ പൂർത്തിയാക്കുന്നതിനും കൊങ്കണി സാഹിത്യ അക്കാദമിക്കായി ഒരു ശീർഷകം അനുവദിച്ച് പദ്ധതിയിനത്തിൽ 128 ലക്ഷം രൂപയും പദ്ധതിയേതര ഇനത്തിൽ 54 ലക്ഷം രൂപയും അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സാംസ്കാരികകാര്യ വകുപ്പുമായി ബന്ധപ്പെട്ട ശീർഷകങ്ങളിൽ അധിക ധനസഹായം വകയിരുത്തണമെന്ന ആവശ്യം സംസ്ഥാനത്തിന്റെ ധനസ്ഥിതി മെച്ചപ്പെടാത്തതിനാൽ അംഗീകരിക്കാൻ കഴിയില്ലായെന്ന് ധനവകുപ്പ് അറിയിച്ച സാഹചര്യത്തിൽ സമിതിയുടെ ശിപാർശ നടപ്പാക്കാൻ നിർവ്വാഹമില്ല.

(സർക്കാർ കത്ത് നം.4497/എ 3/2015/സാം.കാ.വ. തീയതി 13.01.2016)

ശിപാർശ (ഖണ്ഡിക 117)

2205-00-102-55 - കുമാരനാശാൻ ദേശീയ സാംസ്കാരിക കേന്ദ്രം, തോന്നയ്ക്കൽ

കുമാരനാശാൻ ദേശീയ സാംസ്കാരിക കേന്ദ്രം 2015-16 സാമ്പത്തിക വർഷം നടപ്പാക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ പൂർണ്ണമായി പ്രാവർത്തികമാക്കുക, ലൈബ്രറി ഡിജിറ്റൈസേഷൻ, ഭൗതിക സൗകര്യ വികസനം, ആശാൻ കൃതികളുടെ മലയാളത്തിലുള്ള പ്രസിദ്ധീകരണം, ആശാൻ കൃതികളുടെ വിവർത്തനവും പ്രസിദ്ധീകരണവും, ആശാൻ പ്രതിമാസ്ഥാപനം, വിവിധ സാംസ്കാരിക പദ്ധതികൾ സംഘടിപ്പിക്കൽ എന്നിവയ്ക്കായി അനുവദിച്ചിരിക്കുന്ന ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 172 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സാംസ്കാരികകാര്യ വകുപ്പുമായി ബന്ധപ്പെട്ട ശീർഷകങ്ങളിൽ അധിക ധനസഹായം വകയിരുത്തണമെന്ന ആവശ്യം സംസ്ഥാനത്തിന്റെ ധനസ്ഥിതി മെച്ചപ്പെടാത്തതിനാൽ അംഗീകരിക്കാൻ കഴിയില്ലായെന്ന് ധനവകുപ്പ് അറിയിച്ച സാഹചര്യത്തിൽ സമിതിയുടെ ശിപാർശ നടപ്പാക്കാൻ നിർവ്വാഹമില്ല.

(സർക്കാർ കത്ത് നം.4497/എ 3/2015/സാം.കാ.വ. തീയതി 13.01.2016)

ശിപാർശ (ഖണ്ഡിക 118)

2205-00-102-91 -കേരള ലളിതകലാ അക്കാദമി

കാക്കണ്ണപ്പാറ കലാഗ്രാമം, അന്തർദേശീയ ഫൈൻ ആർട്ട് ഫെയർ, സഞ്ചരിക്കുന്ന ചിത്രശാല എന്നീ പദ്ധതികൾ നടപ്പിലാക്കുന്നതിനായി ബഡ്ജറ്റിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ പദ്ധതി ഇനത്തിൽ 150 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സാംസ്കാരികകാര്യ വകുപ്പുമായി ബന്ധപ്പെട്ട ശീർഷകങ്ങളിൽ അധിക ധനസഹായം വകയിരുത്തണമെന്ന ആവശ്യം സംസ്ഥാനത്തിന്റെ ധനസ്ഥിതി മെച്ചപ്പെടാത്തതിനാൽ

അംഗീകരിക്കാൻ കഴിയില്ലായെന്ന് ധനവകുപ്പ് അറിയിച്ച സാഹചര്യത്തിൽ സമിതിയുടെ ശിപാർശ നടപ്പാക്കാൻ നിർവ്വാഹമില്ല.

(സർക്കാർ കത്ത് നം.4497/എ 3/2015/സാം.കാ.വ. തീയതി 13.01.2016)

<u>ശിപാർശ (ഖണ്ഡിക 119)</u>

2205-00-102-63-<u>മൊയിൻകുട്ടി വൈദ്യർ മാപ്പിളകലാ അക്കാഡമി</u>

മാപ്പിളകലാ അക്കാഡമിയിൽ 2015-16 സാമ്പത്തിക വർഷത്തിൽ വിവിധ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 3.8 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

സാംസ്കാരികകാര്യ വകുപ്പുമായി ബന്ധപ്പെട്ട ശീർഷകങ്ങളിൽ അധിക ധനസഹായം വകയിരുത്തണമെന്ന ആവശ്യം സംസ്ഥാനത്തിന്റെ ധനസ്ഥിതി മെച്ചപ്പെടാത്തതിനാൽ അംഗീകരിക്കാൻ കഴിയില്ലായെന്ന് ധനവകുപ്പ് അറിയിച്ച സാഹചര്യത്തിൽ സമിതിയുടെ ശിപാർശ നടപ്പാക്കാൻ നിർവ്വാഹമില്ല.

(സർക്കാർ കത്ത് നം.4497/എ 3/2015/സാം.കാ.വ. തീയതി 13.01.2016)

<u>ശിപാർശ (ഖണ്ഡിക 120)</u>

2205-00-102-31- <u>കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ഫണ്ട്</u>

കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ഫണ്ടിന് പൂർണ്ണ ചുമതലയിൽ ഒരു സെക്രട്ടറിയെ നിയമിക്കുന്ന പക്ഷം ബോർഡ് ഓഫീസിന്റെ എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾക്കായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമാകും. ആയതിനാൽ ഈ ശീർഷകത്തിൽ 15 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സാംസ്കാരികകാര്യ വകുപ്പുമായി ബന്ധപ്പെട്ട ശീർഷകങ്ങളിൽ അധിക ധനസഹായം വകയിരുത്തണമെന്ന ആവശ്യം സംസ്ഥാനത്തിന്റെ ധനസ്ഥിതി മെച്ചപ്പെടാത്തതിനാൽ അംഗീകരിക്കാൻ കഴിയില്ലായെന്ന് ധനവകുപ്പ് അറിയിച്ച സാഹചര്യത്തിൽ സമിതിയുടെ ശിപാർശ നടപ്പാക്കാൻ നിർവ്വാഹമില്ല.

(സർക്കാർ കത്ത് നം.4497/എ 3/2015/സാം.കാ.വ. തീയതി 13.01.2016)

ശിപാർശ (ഖണ്ഡിക 121)

സാംസ്കാരികകാര്യ വകുപ്പിന്റെ കീഴിൽ തിരുവനന്തപുരത്ത് വിവിധ സ്ഥലങ്ങളിലായി പ്രവർത്തിക്കുന്ന അക്കാഡമികളും സ്ഥാപനങ്ങളും ഒരുമിച്ച് കൊണ്ടുവരുന്നതിനായി കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആസ്ഥാനത്ത് ഒരു സാംസ്കാരിക സമുച്ചയം നിർമ്മിക്കുന്നതിനുള്ള സാധ്യത പരിശോധിക്കണമെന്നും ഇതിനാവശ്യമായ തുക പുതിയ ശീർഷകത്തിൽ അനുവദിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സാംസ്കാരികകാര്യ വകുപ്പുമായി ബന്ധപ്പെട്ട ശീർഷകങ്ങളിൽ അധിക ധനസഹായം വകയിരുത്തണമെന്ന ആവശ്യം സംസ്ഥാനത്തിന്റെ ധനസ്ഥിതി മെച്ചപ്പെടാത്തതിനാൽ അംഗീകരിക്കാൻ കഴിയില്ലായെന്ന് ധനവകുപ്പ് അറിയിച്ച സാഹചര്യത്തിൽ സമിതിയുടെ ശിപാർശ നടപ്പാക്കാൻ നിർവ്വാഹമില്ല.

(സർക്കാർ കത്ത് നം.4497/എ 3/2015/സാം.കാ.വ. തീയതി 13.01.2016)

## ഭാഗം -2

ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റ് ലഭിക്കാത്ത ഖണ്ഡികകൾ

| ക്രമ നമ്പർ | വകുപ്പ് | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഉന്നത വിദ്യാഭ്യാസം | 21-60 |
| 2 | കായിക യുവജനകാര്യം | 61-84 |

തിരുവനന്തപുരം,
2016 ഒക്ടോബർ 20.

പ്രൊഫ. സി. രവീന്ദ്രനാഥ്,
*അദ്ധ്യക്ഷൻ,*
*സബ്ജക്റ്റ് കമ്മിറ്റി VI.*

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2016

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.